73

# എല്ലാംകൊണ്ടും ദൈവത്തെ സ്നേഹിക്കൽ

## മർക്കൊ. 12:29, 30, ഒരടുത്ത നോട്ടം

നമ്മുടെ ഇപ്പോഴത്തെ പഠനം "ഏറ്റവും വലിയ കല്പന" എന്നതാണ്.[1] നിങ്ങൾ ചോദിച്ചേക്കാം, "ഏറ്റവും വലിയ കല്പന ഏത്?" അതേ ചോദ്യം ഒരിക്കൽ യേശുവിനോട് ഒരു ശാസ്ത്രി ചോദിച്ചു. അതിനുള്ള ക്രിസ്തുവിന്റെ ഉത്തരം ഇതാ:

> എല്ലാറ്റിലും മുഖ്യകല്പനയോ, "യിസ്രായേലേ, കേൾക്ക! നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം" എന്നാകുന്നു. രണ്ടാമത്തേതോ, "കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം" എന്നത്രേ. ഇവയിൽ വലുതായിട്ട് മറ്റൊരു കല്പനയുമില്ല (മർക്കൊസ് 12:29–31).

അതാണ് അത്: ദൈവം നൽകിയ എല്ലാ കല്പനകളിലും വെച്ച് ഏറ്റവും വലിയത്. അത് എന്റെ അഭിപ്രായമല്ല, അല്ലെങ്കിൽ തെറ്റു സംഭവിക്കാവുന്ന ഒരു മനുഷ്യന്റേയും അഭിപ്രായമല്ല, എന്നാൽ അത് അവിതർക്കിതമായ ദൈവപുത്രന്റെ പ്രസ്താവനയാണ്.

ഒരു നിമിഷത്തേക്ക്, ഈ പ്രസ്താവനയെ ഇന്നത്തെ മതപരിശീലനങ്ങളുമായി താരതമ്യം ചെയ്യുക. ചിലർക്ക്, മതം മനസാക്ഷിയെ തൃപ്തിപ്പെടുത്തുന്നതും നിലവാരം-ഉയർത്തുന്നതുമാണ്. ചില പ്രദേശത്ത്, സഭാംഗങ്ങൾ എപ്പോഴും ഉയർന്നിരിക്കും – അതോടൊപ്പം കുറ്റകൃത്യങ്ങളും കൗമാരകുറ്റങ്ങളും വർദ്ധിച്ചിരിക്കുന്നു. അത്തരം സ്ഥലങ്ങളിലെ സഭകളിൽ അംഗങ്ങൾ കൂടുന്നുണ്ടാകാം, എന്നാൽ ധാർമ്മിക മൂല്യങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. മതത്തിന്റെ ഇടത്തുകൈ ചെയ്യുന്നത് അറിയുവാൻ ബിസ്നസിന്റെ വലത്തുകൈ അനുവദിക്കുന്നില്ല.[2] അതു മർക്കൊസ് 12:29, 30 ലെ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു വളരെ ദൂരെയാണ്.

ശാസ്ത്രിയോടുള്ള യേശുവിന്റെ ഉത്തരത്തിൽ, ക്രിസ്ത്യാനിത്വത്തിന്റെ താൽപര്യകേന്ദ്രമായ, *എല്ലാം*കൊണ്ടും ദൈവത്തെ സ്നേഹിക്കൽ നാം കാണുന്നു:

- "പൂർണ്ണ ഹൃദയത്തോടുകൂടെ" – വികാരത്തിന്റെ ഇരിപ്പിടം.
- "പൂർണ്ണ ആത്മോവോടുകൂടെ" – ജീവന്റെ ഇരിപ്പിടം.
- "പൂർണ്ണ മനസോടുകൂടെ" – ബുദ്ധിയുടെ ഇരിപ്പിടം.
- "പൂർണ്ണ ശക്തിയോടുകൂടെ" – ഊർജത്തിന്റെ ഇരിപ്പിടം.

ഇതാണ്, നിങ്ങളുടെ മുഴുവൻ വ്യക്തിത്വവും ദൈവത്തിന്റെ മുഴുവൻ വ്യക്തിത്വത്തോട് പ്രതികരിക്കൽ, മുഴുവൻ വ്യക്തിത്വത്തിന്റെ സേവനം. ദൈവത്തിന് ഒരു വ്യക്തിയിൽനിന്നു *എല്ലാം* ആഗ്രഹിക്കുന്നു, അല്ലെങ്കിൽ ഒന്നും ആഗ്രഹിക്കുന്നില്ല.

നമ്മിൽനിന്ന് അത്തരം ആവശ്യം ഉന്നയിക്കുവാൻ ദൈവത്തിന് അവകാശമുണ്ടോ? എന്ന് ആരെങ്കിലും ചോദിച്ചേക്കാം. അവനു നൽകുവാൻ മനസില്ലാത്തതൊന്നും ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുകയില്ല. ദൈവം "എല്ലാം കൊണ്ടും" നമ്മെ സ്നേഹിച്ചിരിക്കുന്നു:

> "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്ന് ദൈവം അവനെ നൽകുവാന്തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16).
>
> ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്ക് വേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5:8).
>
> ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനിൽ ജീവിക്കേണ്ടതിന്ന് ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിന് നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹം ആകുന്നു (1 യോഹന്നാൻ 4:9, 10).

ക്രിസ്തുവിന്റെ ക്രൂശിനെക്കുറിച്ചും ദൈവം നമുക്കു നല്കിയ എല്ലാറ്റിനെക്കുറിച്ചും നാം ചിന്തിക്കുമ്പോൾ, കവി പറഞ്ഞത് പോലെ പറയുവാനേ നമുക്കു കഴിയു,

> സ്നേഹം അത്ര അത്ഭുതം, അതു പോലെ ദൈവീകം,
> എന്റെ ആത്മാവും എന്റെ ജീവിതവും, എന്റെ എല്ലാം ആവശ്യപ്പെടുന്നു.[4]

## പൂർണ്ണ മനസ്സോടുകൂടെ ദൈവത്തെ സ്നേഹിക്കണം.

നമുക്കോരോരുത്തർക്കും "എല്ലാം കൊണ്ടും ദൈവത്തെ സ്നേഹിക്കൽ," മനസിലാക്കുവാൻ വലിയ കല്പനയുടെ വിവിധ വശങ്ങൾ നമുക്ക് ചിന്തിക്കാം. നമുക്ക് മനസ്സോടുകൂടെ ആരംഭിക്കാം: "നിന്റെ ദൈവമായ കർത്താവിനെ ... പൂർണ്ണ മനസ്സോട്കൂടെ സ്നേഹിക്കുക." ഒരു വ്യക്തിയുടെ ചിന്തിക്കുന്ന ഭാഗമായ, ബുദ്ധിയെയാണ് മനസ്സ് സൂചിപ്പിക്കുന്നത്. ആളുകൾ തങ്ങളുടെ വരുമാന നികുതി കണക്കുകൂട്ടുന്നത് മനസ്സ് കൊണ്ടാണ്.[5] ആളുകൾ പ്രധാന കണ്ടുപിടിത്തങ്ങൾ നടത്തുന്നത് മനസ്സ് കൊണ്ടാണ്. നാം കുട്ടികളെ സ്കൂളിൽ അയക്കുമ്പോൾ പ്രാഥമികമായി അവരുടെ മനസ്സിനാണ് പരിശീലനം ലഭിക്കുന്നത്. സ്ത്രീകളുടേയും പുരുഷന്മാരുടേയും ഈ ഭാഗം തന്നിൽ അർപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

പലരീതികളിൽ പൂർണമനസ്സോടുകൂടെ നമുക്ക് ദൈവത്തെ സ്നേഹി

ക്കുവാൻ കഴിയും. ദൈവത്തിന്റെ വചനം ഉൽസാഹത്തോടെ പഠിക്കുക യാണ് ഒരു വഴി. പൗലൊസിന്റെ മിഷ്ണറി പ്രവർത്തനങ്ങളെ കുറിച്ച് ലൂക്കൊസ് എഴുതിയപ്പോൾ, ഈ വേദഭാഗം ഉൾപ്പെടുത്തുകയുണ്ടായി: “അവർ [ബെരോവക്കാർ] തെസലൊനിക്യയിലുള്ളവരേക്കാൾ ഉത്തമന്മാരാ യിരുന്നു, കാരണം അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടത ല്ലാതെ അതു അങ്ങനെ തന്നെയോ എന്ന് ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചുവന്നു” (പ്രവൃത്തികൾ 17:11). പൗലൊസ് തിത്തൊസിന് ലേഖനം എഴുതിയപ്പോൾ, മൂപ്പന്മാരുടെ യോഗ്യതയെ കുറിച്ചു പറയുന്നു, “പത്ഥ്യോ പദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്ക് ബോധം വരുത്തുവാനും ശക്തനാകേണ്ടതിന് ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെപ്പിടിക്കു ന്നവനും ആയിരിക്കേണം” (തിത്തൊസ് 1:9). പൂർണ്ണമനസോടെ ദൈവത്തെ സ്നേഹിക്കുന്നവൻ ഓരോ ദിവസവും അല്പസമയം ബൈബിൾ തുറന്നി രിക്കും. കൂടാതെ, ദൈവഹിതം മനസിലാക്കുവാൻ, ബൈബിൾ പഠനവും ആരാധനയും മുടക്കാതിരിക്കും.

അതിലുപരിയായി – ഇതു വളരെ പ്രധാനപ്പെട്ടതാണ് – ഒരുമിച്ച് വായിക്കു വാനും, പഠിക്കുവാനും, പ്രാർത്ഥിക്കുവാനും തങ്ങളുടെവീട്ടിൽ ചെലവഴിക്കു വാൻ അയാൾ കുറച്ച് സമയം കണ്ടെത്തും. ആത്മീയ പഠനത്തിനും ധ്യാന ത്തിനുമായി ഓരോ കുടുംബവും തങ്ങളുടെ തിരക്കു പിടിച്ച ജീവിതത്തിൽ സമയം കണ്ടെത്തുകയാണെങ്കിൽ അവർ ലോകത്തിൽ എത്രമാത്രം ശക്ത രാകും! വർഷങ്ങൾക്ക് മുൻപ്, കുറ്റകൃത്യങ്ങൾ തടയുന്ന അറിയപ്പെടുന്ന അധി കാരികൾ താഴെ കൊടുത്തിരിക്കുന്ന വരികൾ എഴുതുകയുണ്ടായി:

> മുൻപിലത്തേതിലും വളരെ പ്രാധാന്യമുള്ള ഒന്നാണ് വീട്ടിനു ള്ളിൽതന്നെയുള്ള വിശുദ്ധഗ്രന്ഥമായ ബൈബിൾ വായന. കുടുംബത്തെ ഒരു ചരടിൽ കോർത്തിണക്കി ഒരു യൂണിറ്റാക്കിയാൽ, അത് ഓരോരു ത്തർക്കും ജീവിക്കേണ്ട വിശ്വാസം നൽകും.
>
> ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ, അമ്മയുടെ മടിയിൽ ഇരിക്കയും അമ്മ ബൈബിളിലെ സംഭവങ്ങളും അതിന്റെ അർത്ഥവും എനിക്ക് വിവരിച്ചുത രികയും ചെയ്യുമായിരുന്നു. അതു ഞങ്ങൾ തമ്മിലുള്ള വിശ്വസബന്ധം ഉറപ്പിച്ചിരുന്നു. പിന്നെ, അപ്പൻ ഞങ്ങളെ എല്ലാവരെയും ചുറ്റും ഇരുത്തി ഉറക്കെ ബൈബിൾ വാക്യങ്ങൾ ഓരോന്നായി വായിച്ചു കേൾപ്പിക്കുമായി രുന്നു. ഇതു ഞങ്ങളെ സജീവവും വിജ്ഞാനപ്രദവുമായ കുടുംബചർച്ച കളിലേക്കു, നയിച്ചിരുന്നു. അതു എന്റെ ജീവിതത്തിലുടനീളം വിശ്വാസ ത്തിന്റെയും പ്രാർത്ഥനയുടേയും ശക്തി വർദ്ധിപ്പിച്ചു.

നാം ബുദ്ധിപരമായി ചിന്തിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യു മ്പോൾ നാം പൂർണ്ണമനസോടെ സ്നേഹിക്കുകയാണ്. ഇതാ രണ്ടു പ്രസക്ത മായ വേദഭാഗങ്ങൾ: “ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്ക്കാലമാകയാൽസ മയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ” (എഫെസ്യർ 5:15, 16). “മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ” (മത്തായി 6:33). രഹസ്യധ്യാ നം, മറ്റുള്ളവരെ സഹായിക്കൽ, കർത്തൃവേല തുടങ്ങിയ പ്രധാനപ്പെട്ട പ്രവൃ ത്തികൾക്കായി അവർ സമയം മാറ്റി വെക്കും. അയാളുടെ മനസ് എപ്പോഴും

"എനിക്ക് എന്താണ് നല്ലത്" എന്നായിരിക്കയില്ല, മറിച്ച് "ദൈവത്തിന്റെ പദ്ധതിക്കും ഉദ്ദേശത്തിനും എന്താണ് നല്ലത്" എന്നായിരിക്കും ചിന്തിക്കുക.

ചിലർക്ക് പ്രത്യേകരീതിയിൽ മുഴുവൻ സമയവും കർത്താവിനെ സേവിച്ചുകൊണ്ട് ദൈവത്തെ പൂർണ്ണമനസോടെ സ്നേഹിക്കുവാൻ കഴിയും. ചിലപ്പോൾ, നാം യുവാക്കളെ കുറിച്ച് ഇത്തരം പരാമർശങ്ങൾ കേൾക്കാറുണ്ട്: "നിങ്ങൾക്ക് അസാധാരണമായ ഒരു മനസുണ്ട്. നിങ്ങൾ ഒരു ഡോക്ടറോ, [വക്കീലോ, അല്ലെങ്കിൽ ഒരു ശാസ്ത്രജ്ഞനോ ആകണം]" ക്രിസ്തീയ ഡോക്ടർമാരും, ക്രിസ്തീയ ബിസിനസ്കാരും, ക്രിസ്തീയ വക്കീലന്മാരും, ക്രിസ്ത്യാനികളായ മറ്റു ജോലിക്കാരും വേണം; എന്നാൽ പ്രസംഗപീഠത്തിൽ നിന്ന്, തിരുവെഴുത്ത് തുറന്ന്, സ്ത്രീകളേയും പുരുഷന്മാരെയും, ആൺകുട്ടികളെയും പെൺകുട്ടികളെയും പഠിപ്പിക്കുവാൻ നല്ല മനസുള്ളവരും വേണം. ദൈവവചനം ഉപദേശിക്കയും പഠിപ്പിക്കയും ചെയ്യുന്നതിനേക്കാൾ ആവശ്യമുള്ള മുഖ്യമായ ജോലി വേറെയില്ല.

നാം പൂർണ്ണമനസോടെ ദൈവത്തെ സ്നേഹിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, നാം അല്പം നിന്ന് ഒരു മുന്നറിയിപ്പ് നൽകേണ്ടതാണ്: ഇതു കല്പനയുടെ നാലിൽ-ഒന്നുമാത്രമെ ആകുന്നുള്ളു. ബുദ്ധിയുടെ ഫലത്തിൽ മാത്രം ഊന്നിയാൽ യുക്തിപരമായ മന്ദീഭവിച്ച മതമേ ആകുന്നുള്ളു. ബുദ്ധിപരമായ വൈഭവത്തിലേർപ്പെടുന്നവർ രാത്രി മുഴുവൻ ഇരുന്ന് ഒരു സൂചിയുടെ തലക്കൽ എത്ര ദൂതന്മാർക്ക് ഇരിക്കുവാൻ കഴിയും എന്നതിനെ കുറിച്ച് വാദിച്ചുകൊണ്ടേയിരിക്കും. എങ്ങനെയായാലും, തർക്കിക്കുന്നവർ ആ വിഷയത്തെ കുറിച്ചു ചിന്തിക്കുകമാത്രമാണ്, അല്ലാതെ ഒന്നും ചെയ്യുന്നില്ല. നമ്മുടെ മനസിലെ ഏറ്റവും നല്ലത് നമുക്ക് ദൈവത്തിനു നൽകാം, എന്നാൽ കല്പനയുടെ ആ ഭാഗം മാത്രം പോരാ എന്ന് നാം ഓർമ്മിക്കണം. ഒരു മനുഷ്യൻ മുഴുവനായി കർത്താവിനു സമർപ്പിക്കപ്പെടുന്ന ചിത്രമാണ് യേശു അതിൽ നൽകുന്നത്.

## പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കൽ

അടുത്തതായി, നമുക്ക് കല്പനയുടെ ഈ ഭാഗം പരിഗണിക്കാം: "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കണം..." "ഹൃദയം" എന്ന വാക്ക് ബൈബിളിൽ വിവിധ രീതികളിൽ ഉപയോഗിച്ചിട്ടുണ്ട്. ഒരു മനുഷ്യന്റെ ബുദ്ധിശക്തിയെ സൂചിപ്പിച്ചോ അല്ലെങ്കിൽ ഇഛയെ സൂചിപ്പിച്ചോ ഉപയോഗിച്ചിട്ടുണ്ട്. എങ്ങനെയായാലും, ഈ സന്ദർഭത്തിൽ, *വികാരത്തിന്റെ* ഇരിപ്പിടം, അല്ലെങ്കിൽ തോന്നലുകളുടെ കേന്ദ്രം ആയി സൂചിപ്പിച്ചിരിക്കുന്നു.

മതത്തിലെ വികാരത്തെ ചിലപ്പോൾ നാം വിലകുറച്ചു കാണും. ഒരു പക്ഷെ ഇന്നത്തെ മതങ്ങളിൽ കാണുന്ന വൈകാരികതയോടുള്ള നമ്മുടെ പ്രതികരണം നിമിത്തം ആകാം. വികാരങ്ങളുടെ സ്ഥാനത്തിന്, നാം അമിതമായ ഊന്നൽ കൊടുക്കാതിരിക്കുമ്പോൾ, വികാരം കൂടാതെ നാം ചലിക്കുകയില്ല എന്ന് നാം മനസിലാക്കണം. ഈ വാക്കുകൾ തമ്മിലുള്ള ബന്ധം ശ്രദ്ധിക്കുക: വികാരം, പ്രേരണ, ചാലകയന്ത്രം. ഒരു കാറിലുള്ള ചാലകയന്ത്രമാണ് ആ കാറിനെ ചലിപ്പിക്കുന്നത്. ഒരു ജീവിതത്തിൽ പ്രേരണയും അതുപോലെ ആണ്, ആ പ്രേരണക്കു പിന്നിൽ വികാരമാണുള്ളത്.

ഇംഗ്ലീഷിലുള്ള "എന്തൂസിയാസം" എന്നതു സൂചിപ്പിക്കുന്നത് ജ്വലിക്കുന്ന വികാരം എന്നാണ്, അതു വരുന്നത് രണ്ട് ഗ്രീക്ക് വാക്കിൽനിന്നാണ് അക്ഷരിക അർത്ഥം, "ദൈവത്തിൽ" അല്ലെങ്കിൽ "ദൈവം [നമ്മിൽ]" എന്നാണ്. നാം ദൈവത്തിലും ദൈവം നമ്മിലും ആണെങ്കിൽ (1 യോഹന്നാൻ 4:16), നാം താൽപര്യമുള്ളവരായിരിക്കും; നാം ജ്വലിക്കുന്ന വികാരമുള്ളവരാകും. ഡേവിഡ് ലിപ്സ്കോംപിനെ[7] നന്നായി അറിയാവുന്നവർ പറഞ്ഞിട്ടുള്ളത്, അയാൾ ഒരിക്കലേ കരഞ്ഞു കണ്ടിട്ടുള്ളു എന്നാണ്. അതു ഒരു ഞായറാഴ്ച്ച, ബ്രദർ ലിപ്സ്കോംപ് കർത്തൃമേശ വിഭാഗിച്ച് കൊടുത്തപ്പോഴായിരുന്നു. അദ്ദേഹം കർത്തൃമേശയെ കുറിച്ച് ചുരുങ്ങിയ രീതിയിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, അദ്ദേഹത്തിന്റെ തൊണ്ടയിടറി, സംസാരിക്കുവാൻ തന്നെ വിഷമം നേരിട്ടു. ബ്രദർ ലിപ്സ്കോംപ് കണ്ണുനീർ വീഴ്ത്തിയത് മനസിൽനിന്നായിരുന്നില്ല, പിന്നെയോ ഹൃദയത്തിൽനിന്നായിരുന്നു.

വളരെ കാലം മുൻപ്, ദാവീദ് രാജാവ് പഴയനിയമത്തിൽ ഏതാനും ശക്തമായ വേദഭാഗങ്ങൾ എഴുതുകയുണ്ടായി. അവൻ എഴുതിയ സങ്കീർത്തനങ്ങൾ നാം ഇപ്പോഴും വായിക്കയും ഇഷ്ടപ്പെടുകയും ചെയ്യുന്നു. ദാവീദ് തന്റെ ഹൃദയത്തിൽനിന്ന് എഴുതിയതിന്റെ ഫലമായി, വലിയ ഒരളവുവരെ, നമ്മെ സ്വാധീനിച്ചിട്ടുണ്ട്. "ദ്രവരൂപത്തിലുള്ള അഗ്നിയായി വേദഭാഗങ്ങൾ അവന്റെ ഹൃദയാന്തർഭാഗത്തുനിന്നു വന്ന് അതു നമ്മുടെ ഹൃദയങ്ങളിൽ തീപ്പൊരി പാറിക്കുന്നു."[8]

പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക എന്നാൽ എന്താണ്? പൂർണ്ണഹൃദയത്തോടെയാണ് നാം ദൈവത്തെ സ്നേഹിക്കേണ്ടത്...

- നാം ദൈവത്തെ അനുസരിക്കുമ്പോൾ, നാം അങ്ങനെ ചെയ്യണം എന്നുള്ളതുകൊണ്ടു മാത്രമല്ല, നാം ആഗ്രഹിക്കുന്നതുകൊണ്ടാണ്.
- ദൈവത്തെ സ്നേഹിക്കുന്നതും അവനോടുള്ള ബന്ധവും താരതമ്യം ചെയ്യാവുന്ന മറ്റൊന്നില്ല.
- നാം ദൈവത്തെ സ്നേഹിക്കുമ്പോൾ അത് മറ്റെല്ലാത്തിനേക്കാൾ ഉപരിയാണ്.

കൂടാതെ, നാം ദൈവത്തെ പൂർണ ഹൃദയത്തോടെ സ്നേഹിക്കുമ്പോൾ, ആവശ്യമെങ്കിൽ അവനെ നന്നായി സേവിക്കുവാനായി എല്ലാം ഉപേക്ഷിക്കുവാൻ നാം തയ്യാറാവും. നാം...

- അബ്രഹാമിനെപ്പോലെ, പ്രിയപ്പെട്ടവരെ വിട്ടുകളവാൻ തയ്യാറാകണം.
- ഇയ്യോബിനെപ്പോലെ, സമ്പാദ്യങ്ങൾ വിട്ടുകളവാൻ തയ്യാറാകണം.
- മോശെയെപ്പോലെ, സുഖഭോഗങ്ങൾ ഉപേക്ഷിപ്പാൻ തയ്യാറാകണം.

വീണ്ടും, ദൈവത്തിനുവേണ്ടി എന്തും ചെയ്യുവാൻ തയ്യാറാകുമ്പോൾ നാം ദൈവത്തെ പൂർണഹൃദയത്തോടെ സ്നേഹിക്കുകയാണ്:

- ദാവീദിനെപ്പോലെ മാനസാന്തരപ്പെടുവാൻ തയ്യാറാകണം.
- പെന്തെകൊസ്തുനാളിലെ യഹുദന്മാരെപ്പോലെ സ്നാനം ഏൽക്കുവാൻ തയ്യാറാകണം.
- പൗലോസിനെപ്പോലെ ശരീരത്തെ ദണ്ഡിപ്പിക്കുവാൻ തയ്യാറാകണം.
- ദോർക്കാസിനെപ്പോലെ സേവനത്തിന് ഏല്പ്പിക്കപ്പെടുവാൻ തയ്യാറാകണം.
- സക്കായിയെപ്പോലെ നൽകുവാൻ തയ്യാറാകണം.

സഭക്ക് കൂടുതൽ വികാരവും കൂടുതൽ ഹൃദയസേവനവും ആവശ്യമാണ്. എങ്ങനെയായാലും, ഒരിക്കൽകൂടെ, ഒരു മുന്നറിയിപ്പ് കേൾക്കണം. ചിലർ വികാരങ്ങളേയും തോന്നലുകളേയും മതത്തിൽ മറ്റെല്ലാറ്റിനുമായി കൂട്ടുന്നു. കർശനമായ വികാരങ്ങളാൽ പോകുവാൻ ആഗ്രഹിക്കുന്നവർ പൊള്ളയായ നിലത്തുവീഴുന്ന വിത്തുകൾ പോലെയാണ്. കാരണം അവിടെ ആഴത്തിൽ മണ്ണില്ലാത്തത്കൊണ്ട് ചെടികൾ മുളച്ചു വളർന്ന് പെട്ടെന്ന് വാടിപ്പോകുന്നു (മത്തായി 13:6). ഇന്ന്, പലരും വിശ്വസിക്കുന്നത് അവരെ ചിലത് ആഴത്തിൽ ഉറപ്പിക്കുന്നതുകൊണ്ട്, അതിനെക്കുറിച്ച് അവർക്ക് ശക്തമായ തോന്നലുകൾ ഉള്ളതുകൊണ്ട്, അത് ദൈവം സ്വീകരിക്കും എന്നാണ്. എന്നാൽ അത് അങ്ങനെയല്ല. നാമധേയ വിഭാഗങ്ങൾ പലപ്പോഴും ആത്മാവിൽ ജ്വലിക്കുന്നുണ്ട് പക്ഷേ ദൈവത്തിന്റെ കല്പനകൾ അങ്ങനെതന്നെ അനുസരിക്കുന്നതിൽ അവർ ശ്രദ്ധിക്കുന്നില്ല (റോമർ 10:2 നോക്കുക).

എല്ലാറ്റിലും വലിയ കല്പനയിൽ, ഹൃദയത്തേയും മനസിനേയും, വികാരത്തേയം ബുദ്ധിയേയും യോജിപ്പിക്കണമെന്നാണ് യേശു പറഞ്ഞത്. വികാരങ്ങളെ നാം ഒരു കാറിന്റെ ചാലകയന്ത്രത്തോട് താരതമ്യം ചെയ്തു. എന്നാൽ ബുദ്ധിയെ സ്റ്റിയറിങ്ങിനോട് താരതമ്യം ചെയ്യാം. ഇതു രണ്ടും ചേർന്നു കാർ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നു. നല്ല ഒരു ചാലകയന്ത്രമുള്ള ഒരു കാർ ബഹുദൂരം പോയെന്നിരിക്കാം, പക്ഷേ അത് എവിടെ ചെന്നുചേരുമെന്ന് ആർക്കറിയാം? നേരേമറിച്ച്, ചാലകയന്ത്രമില്ലാതെ സ്റ്റിയറിങ്ങ് മാത്രമുള്ള കാർ ഒരു സ്ഥലത്തേക്കും പോകുകയില്ല. ഒരു കാറിന് ഇതുരണ്ടും ആവശ്യമാണ്. അതുപോലെ ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള മതത്തിന് മനസും ഹൃദയവും ആവശ്യമാണ്. മനസ് പിതാവിന്റെ ഇഷ്ടം മനസിലാക്കുകയും അവൻ വെച്ചിരിക്കുന്ന അതിരിൽ നാം നിൽക്കുകയും ചെയ്യുന്നു. പിന്നെ ഹൃദയം നമ്മെ ഊഷ്മളമാക്കുകയും നമ്മുടെ വികാരങ്ങളെ ഉണർത്തി ദൈവത്തിന്റെ പരിമിതികളിൽ നിന്ന് ആരാധിക്കുകയും സർവ്വശക്തനെ സേവിക്കുകയും ചെയ്യുന്നു. നമുക്ക് *പൂർണ്ണ* മനസ്സോടും *പൂർണ്ണ*ഹൃദയത്തോടും ദൈവത്തെ സ്നേഹിക്കാം.

### പൂർണ്ണ ശക്തിയോടെ ദൈവത്തെ സ്നേഹിക്കൽ

''നിന്റെ ദൈവമായ കർത്താവിനെ ... പൂർണ ശക്തിയോടെ സ്നേഹിക്കുക,'' എന്നും യേശു പറഞ്ഞു. ഒരു വ്യക്തിയുടെ ശക്തിയിൽ അവന്റെ താലന്തുകളും ഊർജ്ജവും ഉൾപ്പെടുന്നു. ഇതുവരെ, നാം ചർച്ച ചെയ്തതു ദൈവത്തെ മനസ്സുകൊണ്ടും (ബുദ്ധിയുടെ കേന്ദ്രം) ഹൃദയം കൊണ്ടും (വികാരങ്ങളുടെ കേന്ദ്രം), സ്നേഹിക്കുന്നതിനെയാണ്, എന്നാൽ

അവ രണ്ടും ഒരു വ്യക്തിയുടെ ഉള്ളിലാണ്. നാം വാസ്തവത്തിൽ കർത്താവിനെ സ്നേഹിക്കുന്നു എങ്കിൽ, ആ സ്നേഹം പ്രകടിപ്പിക്കും: പ്രവൃത്തിയിലും, അനുസരണത്തിലും.

ക്രിസ്ത്യാനിത്വം ചെയ്യുന്ന ഒരു മതമാണ്. ക്രിസ്തു പറഞ്ഞു, “എന്നോട് ‘കർത്താവേ, കർത്താവേ,’ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം *ചെയ്യുന്നവ*നത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്” (മത്തായി 7:21; എംഫസിസ് മൈൻ). യാക്കോബ് എഴുതി, “എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ *ചെയ്യുന്നവരായും* ഇരിപ്പിൻ” (യാക്കോബ് 1:22; എംഫസിസ് മൈൻ). പൗലോസ് ഇങ്ങനെ പറഞ്ഞു: “അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ *ചെയ്തതു* നല്ലതാകിലും തീയതാകിലും അതിനുതക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനുമുൻപാകെ വെളിപ്പെടേണ്ടതാകുന്നു” (2 കൊരിന്ത്യർ 5:10; എംഫസിസ് മൈൻ) ഒരാളുടെ ശക്തി ദൈവ ശുശ്രൂഷക്ക് ഉപയോഗിപ്പാൻ തയ്യാറാകുന്നില്ലാ എങ്കിൽ അയാൾ സ്വർഗ്ഗരാജ്യത്തിന് *കൊള്ളാകുന്നവ*നല്ല.

നമ്മുടെ എല്ലാ ശക്തിയോടുംകൂടെ നമുക്ക് എങ്ങനെ ദൈവത്തെ സ്നേഹിക്കുവാൻ കഴിയും? നമുക്കുള്ളത് നാം ദൈവത്തിനുവേണ്ടി ഉപയോഗിക്കുമ്പോൾ നാം ദൈവത്തെ പൂർണ്ണശക്തിയോടെ സ്നേഹിക്കുകയാണ്. കഴിവും അവസരവും കൂട്ടുന്നതാണ് ഉത്തരവാദിത്വം. കർത്താവിന്റെ വേലയിൽ നിങ്ങളുടെ താലന്തുകളും ഊർജവും എത്ര നന്നായി ഉപയോഗിക്കാമെന്ന് തീരുമാനിക്കുക. നാം വളർത്തിയെടുക്കുന്നതിനേക്കാൾ പത്തിരട്ടി കഴിവുകൾ നമ്മിൽ ഓരോരുത്തരിലുമുണ്ട് എന്ന് പറയപ്പെട്ടിട്ടുണ്ട്. നിങ്ങളുടെ താലന്തുകൾ ഏറ്റവും നന്നായി ക്രിസ്തുവിനുവേണ്ടി ഉപയോഗിക്കുവാൻ നിങ്ങൾ വളർത്തിയെടുക്കുക.

കൂടാതെ, മുൻപ് പറഞ്ഞതുപോലെ, ഹൃദയത്തിലുള്ള സ്നേഹം ശക്തമായി പ്രവൃത്തിയിൽ പ്രകടിപ്പിക്കുമ്പോൾ നാം പൂർണ്ണശക്തിയോടെ സ്നേഹിക്കുകയാണ്. വ്യക്തമായി പറഞ്ഞാൽ, നാം നമ്മുടെ യജമാനനുവേണ്ടി പ്രവർത്തിക്കണം (1 കൊരിന്ത്യർ 15:58). മതപരമായ ഒരദ്ധ്യക്ഷനോട് അദ്ദേഹത്തിന്റെ ജോലിഭാരം കുറക്കുവാൻ ഡോക്ടർമാർ ആവശ്യപ്പെട്ടു. അദ്ദേഹം മറുപടി പറഞ്ഞു, “മരിച്ച് അഞ്ചുമിനിറ്റിനു ശേഷം ഞാൻ വിശ്രമിക്കുവാൻ ശ്രമിക്കാം.” കഴിഞ്ഞ തലമുറയിൽ അറിയപ്പെട്ട ഒരു സുവിശേഷകൻ പറഞ്ഞത്, ക്രിസ്തുവിന്റെ വേല ചെയ്യാതിരിക്കത്തക്കവണ്ണം പ്രായമാകുവാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല എന്നാണ്. എന്നെ തെറ്റിദ്ധരിക്കരുത്, നമുക്ക് എല്ലാവർക്കും സമയാസമയങ്ങളിൽ വിശ്രമം ആവശ്യമാണ് (മർക്കൊസ് 6:31). ഞാൻ പറയുന്നത് തുരുമ്പ് പിടിക്കുന്നതിനേക്കാൾ ക്ഷീണിക്കുന്നതാണ് നല്ലത് എന്നാണ്.

അവസാനമായി, നാം ഏറ്റവും നന്നായി ദൈവത്തിനു കൊടുക്കുമ്പോൾ നാം പൂർണ്ണശക്തിയോടെ ദൈവത്തെ സ്നേഹിക്കുന്നു. എന്റെ വീട്ടിലുള്ളവർ പഴയ പട്ടിയോട് പെരുമാറുന്നതുപോലെയാണ്, പലപ്പോഴും ചിലർ കർത്താവിനോട് പെരുമാറുന്നത്. നാം പട്ടിക്ക് കൊടുക്കുന്നത് അവശേഷിക്കുന്നത്. ഉപജീവനത്തിനും മറ്റുകാര്യങ്ങൾക്കുമായി ചെലവഴിച്ചിട്ട് ബാക്കിവരുന്നത് ഉപയോഗിക്കുവാനല്ല കർത്താവ് ആഗ്രഹിക്കുന്നത്. കർത്താവ് നമ്മിൽനിന്ന് ഏറ്റവും നല്ലത് ആഗ്രഹിക്കുന്നു (മത്തായി 6:33). നാം പൂർണ്ണശക്തിയോടെ ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ നാം ഏറ്റവും നന്നായി ദൈവത്തിനു നൽകും.

ദൈവത്തോടുള്ള പൂർണ്ണമായ പ്രതികരണത്തിന്റെ ഭാഗമാണ് പൂർണ്ണശക്തിയോടെ ദൈവത്തെ സ്നേഹിക്കൽ. ശിംശോൻ ശക്തിയോടെ ദൈവത്തെ സ്നേഹിച്ചു, എന്നാൽ അവൻ മനസോടും ഹൃദയത്തോടും കൂടെ ദൈവത്തെ സ്നേഹിച്ചില്ല. ബുദ്ധിയാൽ നയിക്കപ്പെടുന്നതും വികാരങ്ങളാൽ പ്രേരിപ്പിക്കപ്പെടുന്നതുമായിരിക്കണം സ്നേഹം ശക്തിയോടെ പ്രകടിപ്പിക്കൽ. എങ്ങനെയായാലും, നമ്മുടെ ആത്മാർത്ഥ സ്നേഹമാണ് ക്രിസ്തുവിനുവേണ്ടിയുള്ള നമ്മുടെ ശുശ്രൂഷ എന്ന കാര്യം നാം മറക്കരുത്.

### പൂർണ്ണാത്മാവോടുകൂടെ ദൈവത്തെ സ്നേഹിക്കൽ

അവസാനമായി, "നീ നിന്റെ ദൈവമായ കർത്താവിനെ ... പൂർണ്ണാത്മാവോടുകൂടെ സ്നേഹിക്കേണം" എന്നാണ് ക്രിസ്തു പറഞ്ഞത്. ക്രിസ്തുവിന്റെ ലിസ്റ്റിൽ രണ്ടാമതായിട്ടാണ് ആത്മാവ് വരുന്നത്, എന്നാൽ ഞാൻ അത് അവസാനമാക്കിയത്, അതു ദൈവത്തോടുള്ള നമ്മുടെ പ്രതികരണത്തിന്റെ ആകത്തുക ആയിരിക്കയാലാണ്.

"ആത്മാവ്" എന്ന് തർജിമ ചെയ്തിരിക്കുന്നതിന്റെ ഗ്രീക്ക് വാക്ക് *സൂക്കേ* എന്നാണ്. നമുക്ക് ലഭിച്ചിരിക്കുന്ന "സൈക്കോളജി" തുടങ്ങിയ വാക്കുകൾ വന്നിരിക്കുന്ന *സൈക്കി* എന്നും എഴുതിയിട്ടുണ്ട്. ചിലപ്പോൾ ആ വാക്ക് പുതിയ നിയമത്തിൽ "മനസ്" അല്ലെങ്കിൽ "ഹൃദയം" – എന്നിവക്ക് തുല്യമായും ഉപയോഗിച്ചിട്ടുണ്ട്. നമ്മിൽ പലർക്കും, ആത്മാവിനു തത്തുല്യമോ മനുഷ്യനിലെ നിത്യമായ ഭാഗമോ ആണ്. എങ്ങനെയായാലും, മർക്കൊസ് 12:29, 30–ൽ ആ വാക്ക് ബുദ്ധി, മനസ് എന്നിവയിൽനിന്ന് വ്യത്യാസത്തോടെ, എന്നാൽ അവക്ക് സമാന്തരമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് ഇതുവരെ നൽകിയ രണ്ടു നിർവ്വചനങ്ങളും യോജിക്കുന്നവയല്ല.[10] നമുക്ക് ഇതിന് ലഭിക്കുന്ന സൂചന എന്തെന്നാൽ *സൈക്കേ* എന്നത് പലപ്പോഴും തർജിമ ചെയ്തിരിക്കുന്നത് "പ്രാണൻ" എന്നാണ്. പിൻവരുന്ന പരിചിതമായ വേദഭാഗങ്ങൾ ശ്രദ്ധിക്കുക.അവയിൽ ഓരോന്നിലും *സൂക്കേ* എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് "പ്രാണൻ" എന്നാണ്:

> "അതുകൊണ്ട് ഞാൻ നിങ്ങളോട് പറയുന്നത്, എന്ത് തിന്നും എന്ത് കുടിക്കും എന്ന് നിങ്ങളുടെ *ജീവനായി*ക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്; ആഹാരത്തെക്കാൾ *ജീവനും* ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ?" (മത്തായി 6:25; എംഫസിസ് മൈൻ).

> "സ്നേഹിതന്മാർക്ക് വേണ്ടി *ജീവനെ* കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല" (യോഹന്നാൻ 15:13; എംഫസിസ് മൈൻ).

> "... നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം; മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല. ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ *ജീവനെ* മറുവിലയായി കൊടുപ്പാനും വന്നതുപോലെതന്നെ" (മത്തായി 20:27, 28; എംഫസിസ് മൈൻ).

ഈ വേദഭാഗങ്ങളിൽ, സൈക്കേ എന്ന വാക്ക് സൂചിപ്പിക്കുന്നത് മനു

ഷ്യനിൽ ഉള്ള ജീവനെയാണ്. എനിക്ക്, ദൈവത്തെ സ്നേഹിക്കുക എന്നാൽ "ഒരാളുടെ പൂർണ്ണാത്മാവോടുകൂടെ സ്നേഹിക്കുന്നതാണ്." ഒരാളുടെ പൂർണ്ണവ്യക്തിത്വത്തോടെ അവനെ സ്നേഹിക്കുന്നത്-ഒരാൾക്ക് ഉള്ള തെല്ലാംകൊണ്ടും അവനെ സ്നേഹിക്കുക എന്നത്, ഒരാൾ എല്ലാം ആയിരിക്കുന്നതു, എല്ലാം ഉപയോഗിക്കുന്നതാണ്.

നാം ശ്രദ്ധിച്ചതുപോലെ ആ വേദഭാഗങ്ങളിൽനിന്ന് നമ്മുടെ മുറ എടുത്തുകൊണ്ട്, നമ്മുടെ ജീവിതം കൊണ്ട് ദൈവത്തെ സ്നേഹിക്കുന്ന തിൽ ഭൗതീകമായ വസ്തുക്കൾക്കുപരിയായി നാം ദൈവത്തിന് സ്ഥാനം കൊടുക്കണം. ആവശ്യമെങ്കിൽ നമ്മുടെ ജീവിതം ത്യാഗമായി അർപ്പിക്കുവാൻ തയ്യാറാകുന്നതും – നമ്മുടെ ജീവിതം അവന് വേണ്ടിയും എല്ലാ മനുഷ്യർക്കു വേണ്ടിയും ശുശ്രൂഷിപ്പാൻ തയ്യാറാകുന്നതും ഉൾപ്പെടുന്നു. ദൈവത്തെ പൂർണ്ണമായും സ്നേഹിക്കുക എന്നാൽ നമ്മെത്തന്നെ പൂർണമായും അവന് സമർപ്പിക്കുക എന്നാണ് – ഹൃദയവും, ശരീരവും, ആത്മാവും. റ്റീ. ബീ. ലാരിമോർ, എന്ന പ്രഗത്ഭനായ ഒരു ഉപദേഷ്ടാവ്, ഇപ്രകാരം പറഞ്ഞു, "മനസ്സും പേശിയും, പണവും; സമയവും, നാവും, താലന്തും; തലയും, കൈയും, ഹൃദയവും; ശരീരവും, ആത്മാവും, ജീവനും,"[11] –ഇവയെല്ലാം കർത്താവിന് സമർപ്പിക്കേണ്ടതാണ്.

**ഉപസംഹാരം**

ഇതാണ് ഒരു വ്യക്തിയുടെ പൂർണമായ മതം: "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ ഹൃദയത്തോടും, പൂർണ ആത്മാവോടും, പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കേണം" (മർക്കൊസ് 12:30). ഒരു തൊഴിലാളി തന്റെ കൈകൾ ഉപയോഗിക്കുന്നു. വിദഗ്ദ്ധനായ ഒരു ശില്പി തന്റെ തലയും കൈകളും ഉപയോഗിക്കുന്നു. ഒരു കലാകാരൻ തന്റെ കൈകളും തലയും, ഹൃദയവും ഉപയോഗിക്കുന്നു. ഒരു ക്രിസ്ത്യാനി തന്റെ കൈകളും, തലയും, ഹൃദയവും, ജീവിതവും ദൈവത്തിനുവേണ്ടി ഉപയോഗിക്കുന്നു. ഒരാൾ തന്നെ മുഴുവനായി കർത്താവിനായി സമർപ്പിക്കുന്നതിന്റെ ചിത്രമാണ് മർക്കൊസ് 12:30 നൽകുന്നത്.

സ്നാനപ്പെടുമ്പോൾ വ്യക്തികൾക്കുതമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ഒരാൾ അത് കർത്താവിന്റെ കല്പനകൾ അനുസരിക്കുന്ന പ്രതികരണമായി ചെയ്തേക്കാം അതേസമയം നാം പഠിച്ച വേദഭാഗം വിവരിക്കുന്ന ആഴമേറിയ സ്നേഹം കൂടാതെയാകാം. അയാൾ കല്പനകൾ അനുസരിക്കുന്നത് ഏതാണ്ട് അയാളുടെ മാസം തോറുമുള്ള ബില്ലുകൾ കൊടുത്തുതീർക്കുന്നതുപോലെയാണ്. അത് ഏതാണ്ട് പേപ്പർ ലിസ്റ്റ് തയ്യാറാക്കുന്നത് പോലെയാണ്: "ഞാൻ വിശ്വസിക്കുകയും,പിന്നെ മാനസാന്തരപ്പെടുകയും, പിന്നെ ഏറ്റുപറയുകയും, പിന്നെ സ്നാനമേൽക്കുകയും വേണം." നിത്യമായി അയാൾ നഷ്ടപ്പെടാതിരിക്കുവാൻ താത്വികമായി ഓരോന്നും പരിശോധിക്കുന്നു.

ഈ യാന്ത്രികമായ അനുസരണത്തിന് വ്യത്യസ്തമായി നമ്മുടെ വേദഭാഗത്തിലെ അനുസരണം ആഴമുള്ളതായി പറഞ്ഞിരിക്കുന്നു: വേറൊരു വ്യക്തി അതേ ക്ഷണത്തോട് പ്രതികരിക്കുന്നത് തന്നെത്തന്നെ ക്രിസ്തുവിന് നൽകിക്കൊണ്ടാണ്. അവന്റെ ഉദ്ദേശം ദൈവത്തെ സ്നേഹിക്കുക എന്നാണ്, അത് അവനെ പാപങ്ങളിൽ നിന്ന് മാനസാന്തരത്തിലേക്ക് നയിക്കുന്നു, അവന്റെ വിശ്വാസം മനുഷ്യരുടെ മുമ്പാകെ ഏറ്റുപറയുന്നതിലേക്കും, സ്നാന

മേൽക്കുന്നതിലേക്കും തിരിയുന്നു.[12] അവന്റേത് ഭാരമുള്ള അനുസരണമല്ല, എന്നാൽ തന്നെത്തന്നെ ദൈവമുമ്പാകെ ഒഴിച്ചു നിർത്തുകയാണ്. അവൻ പിന്നിലൊന്നും പിടിക്കുന്നില്ല; താനെന്തെല്ലാമാണോ അതെല്ലാം ദൈവത്തിന് സമർപ്പിക്കുകയും തന്നെ നിർമിച്ചാക്കിയ ദൈവത്തിൽ എപ്പോഴും പ്രത്യാശ വെക്കുകയും വേണം. ഇതാണ് യേശു ആഗ്രഹിക്കുന്നത്.

നിങ്ങൾക്ക് സ്നാനം വേണമെന്നുണ്ടെങ്കിൽ – അല്ലെങ്കിൽ തെറ്റിപ്പോയിട്ട് യഥാസ്ഥാനത്താകുവാൻ ആഗ്രഹിക്കുന്ന ദൈവപൈതലാണ് നിങ്ങളെങ്കിൽ[13] – പൂർണ്ണ സ്നേഹത്തോടെയുള്ള ഹൃയത്തിൽനിന്ന് നിങ്ങൾ ദൈവത്തെ അനുസരിക്കേണ്ടതിന്, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

**പ്രസംഗക്കുറിപ്പുകൾ**

ഈ പ്രസംഗത്തിന് കൊടുക്കാവുന്ന മറ്റ് തലവാചകങ്ങൾ “എല്ലാറ്റിലും വലിയ കല്പന” എന്നും “ക്രിസ്ത്യാനിത്വത്തിന്റെ വാസ്തവത്തിലുള്ള കേന്ദ്രം” എന്നുമാണ്.

---

കുറിപ്പുകൾ

[1]ഈ പ്രസംഗം അടിസ്ഥാനമാക്കിയിരിക്കുന്നത് ബാറ്റ്സെൽ ബാരെറ്റ് ബാക്സ്റ്ററിന്റെ “എല്ലാറ്റിലും വലിയ കല്പന,” *ഞാൻ ഉയർത്തപ്പെട്ടാൽ* (നാഷ്വിലെ: ഗോസ്പൽ അഡ്വക്കേറ്റ് കമ്പനി., 1956), 9–18. [2]ഈ സാമ്യം മത്തായി 6:3 ലെ പദപ്രയോഗത്തെ ആസ്പദമാക്കിയുള്ളതാണ്. [3]നാലു ഉദ്ധരണികളിലും ചേർത്തിട്ടുള്ള “പൂർണ്ണ” എന്നവാക്കിന് ഊന്നൽ കൊടുത്തിരിക്കുന്നു. [4]ഐസക്ക് വാറ്റ്, “വെൻ ഐ സർവ്വേ ദ വണ്ടേസ് ക്രോസ്,” സോങ്സ് ഓഫ് ഫൈത്ത് ആന്റ് പ്രെയ്സ്, കോമ്പ് ആന്റ് എഡി. ആൾട്ടൺ എച്ച്. ഹോവാഡ് (വെസ്റ്റ് മൂൺറോ, ലാ.:ഹോവാഡ് പബ്ലിഷിങ്ങ് കമ്പനി., 1994). [5]ഈ ചിത്രീകരണങ്ങൾ മനസിന്റെ ഉപയോഗത്തിനായി നിങ്ങൾ താമസിക്കുന്ന സ്ഥലത്തിന് യോജിക്കുന്ന വിധത്തിൽ ഉപയോഗിക്കുക. [6]ഈ ഉദ്ധരണി എടുത്തിട്ടുള്ളത് ജെ. എഡ്ഗാറിൽ നിന്നാണ്. എങ്ങനെയായാലും, അദ്ദേഹം നീണ്ട വർഷങ്ങളോളം എഫ്. ബി. ഐയുടെ ഡയറക്ടറായി സേവനം അനുഷ്ടിച്ചിട്ടുണ്ട്. (അമേരിക്കയിലെ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെ സ്റ്റിഗേഷൻ). ആ ഉദ്ധരണി കഴിഞ്ഞകാലത്ത് ചർച്ച് ബുള്ളറ്റിനുകളിൽ ഇടക്കിടെ വന്നിട്ടുണ്ട്. അതിന്റെ പ്രാരംഭ ഉറവിടം അറിയില്ല. [7]ഡേവിഡ് ലിപ്സ്കോമ്പ്, കർത്താവിന്റെ സഭയിലെ അംഗവും, ദ ഗോസ്പൽ അഡ്വക്കേറ്റ് പബ്ലിക്കേഷന്റെ എഡിറ്റർമാരിൽ ഒരാളുമായിരുന്നു. അദ്ദേഹത്തിന്റെ പേരാണ് നാഷിലെയിലെ ഡേവിഡ് ലിപ്സ്കോമ്പ് യുനിവേഴ്സിറ്റി എന്നിട്ടിരിക്കുന്നത്. [8]ബാക്സ്റ്റർ, 15. [9]ദ “പി” അശ്രദ്ധമായാണ് വാക്ക് ഉദ്ധരിച്ചിരിക്കുന്നത് “സൈ–കീ.” ദ “വൈ” ഉച്ചരിച്ചിരിക്കുന്നത് നീണ്ട ഒരു “ഐ,” എന്നപോലെയാണ്. [10]“സൈക്കേ” ഒരു വ്യക്തിയെ സൂചിപ്പിച്ചും ഉപയോഗിച്ചേക്കാം “ആത്മാക്കൾ”; പ്രവൃത്തികൾ 2:41). മറ്റ് നിർവചനങ്ങളും കൊടുക്കാം എന്നാൽ അവയെല്ലാം എണ്ണി തിട്ടപ്പെടുത്തുന്നത് ഈ പോയിന്റിന് ആവശ്യമില്ല.

[11]കോട്ടട് ഇൻ അവോൺ മലോൺ. “ദ ക്യാരക്റ്ററിസ്റ്റിക്സ് ഓഫ് എ ഗുഡ് സ്റ്റുവേഡ്,” ദ *പ്രീച്ചേഴ്സ് പിര്യോഡിക്കൽ.* (ജൂലൈ 1983):11. [12]ഒരു സമയത്ത് നിങ്ങൾക്ക് വേണമെങ്കിൽ വിശ്വാസം, മാനസാന്തരം, ഏറ്റുപറച്ചിൽ, സ്നാനം എന്നീ കൽപനകളെക്കുറിച്ചുള്ള വേദ ഭാഗവും സുചിപ്പിക്കാം (മർക്കൊസ് 16:16; പ്രവൃത്തികൾ 2:39; റോമർ 10:9, 10). [13]നിങ്ങൾക്ക് വേണമെങ്കിൽ എങ്ങനെ കർത്താവിങ്കലേക്ക് തിരിഞ്ഞുവരാം എന്നുള്ള വേദ ഭാഗവും ഉപയോഗിക്കാം (പ്രവൃത്തികൾ 8:22; യാക്കോബ് 5:16).